**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1500** **07-02-2023 - ൽ മറുപടിയ്ക്ക്**

**റോഡ് പുറംമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടാമ്പി താലൂക്കിൽ എത്ര കുടുംബങ്ങളാണ് പൊതുമരാമത്ത് റോഡ് പുറമ്പോക്കിൽ താമസിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ലഭ്യമായ കണക്കനുസരിച്ച് പട്ടാമ്പി താലൂക്കിൽ നിലവിൽ 17 കുടുംബങ്ങൾ പൊതുമരാമത്ത് റോഡ് പുറമ്പോക്കിലും 6 കുടുംബങ്ങൾ പുഴ പുറമ്പോക്കിലും താമസിക്കുന്നു. |
| (ബി) | ഇവയിൽ കുളം പുറമ്പോക്ക്, റോഡ് പുറമ്പോക്ക്, ആറ്റു പുറമ്പോക്ക്, സർക്കാർ പുറമ്പോക്ക് എന്ന് തരം തിരിച്ച് വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഒങ്ങല്ലൂർ 2 വില്ലേജിൽ 1 കുടുംബവും, ചാലിശ്ശേരി വില്ലേജിലെ 4 കുടുംബങ്ങളും റോഡ് പുറമ്പോക്കിലും, പട്ടിത്തറ വില്ലേജിലെ 6 കുടുംബങ്ങൾ പുഴ പുറമ്പോക്കിലും, മുതുമല വില്ലേജിലെ 12 കുടുംബങ്ങൾ പൊതുമരാമത്ത് റോഡ് പുറമ്പോക്കിലും പുഴ പുറമ്പോക്കിലുമായി താമസിക്കുന്നു. |
| (സി) | പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ഡി) | ഈ വിഷയത്തിൽ സർക്കാരിന് പരാതികളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങൾ നൽകാമോ? | (ഡി) | പരാതികളോ, നിവേദനങ്ങളോ ലഭിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ